3280
24/2/21

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

സാമൂഹ്യനീതി വകുപ്പ് - ബഹു. കേരള ഹൈക്കോടതിയുടെ 24.06.2016 ലെ WP (C ) 23611/11(B ) വിധിന്യായത്തിനനുസൃതമായി കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം 58 വയസ്സായി ഉയർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(കൈ) നം.11/2021/സാ.നീ.വ തീയതി,തിരുവനന്തപുരം, 19/02/2021

---

പരാമർശം:- 1 ബഹു. കേരള ഹൈക്കോടതിയുടെ 24.06.2016 ലെ WP (C) 23611/11(B ) വിധിന്യായം

2 കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 25.10.2016 ലെ KSWDC/EA1/3974/2016/4584 നമ്പർ കത്ത്

3 കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 20.09.2017 ലെ KSWDC/A4/82/95 (17 )/3403 നമ്പർ കത്ത്

4 കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 26.02.2019 ലെ KSWDC/A4/957/10 (19)/740 നമ്പർ കത്ത്

5 കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 05.06.2020ലെ KSWDC/A4/82/95 (2020 )/980 നമ്പർ കത്ത്

6 കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 11.01.2021 ലെ KSWDC/EA/37974/2020/620 നമ്പർ കത്ത്

7 കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 12.01.2021 ലെ KSWDC/EA/3797/2020 നമ്പർ കത്ത്

8 കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 29.01.2021 ലെ KSWDC/EA1/PR/131/2021/773 നമ്പർ കത്ത്

<u>ഉത്തരവ്</u>

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം 55ൽ നിന്നും 58 ആയി ഉയർത്തണമെന്നാവശ്യപ്പെട്ട് കോർപ്പറേഷനിലെ ആറ് ജീവനക്കാർ 2011 ൽ ബഹു. കേരള ഹൈക്കോടതിയിൽ WP(C) No.23611/11(B ) ഫയൽ ചെയ്യുകയും , ഇത് പരിഗണിച്ച് കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം 58 ആയി ഉയർത്തി ബഹു. കേരള ഹൈക്കോടതി പരാമർശം (1) വിധിന്യായം പുറപ്പെടുവിക്കുകയുമുണ്ടായി. വനിതാ വികസന കോർപ്പറേഷനിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം 58 ആയി ഉയർത്തി 24.06.2016 ലാണ് പ്രസ്തുത വിധിന്യായം പുറപ്പെടുവിച്ചതെങ്കിലും 09.04.2012 ൽ ഉണ്ടായ ഇടക്കാല വിധിയെ തുടർന്ന് കേസ് ഹൈക്കോടതി

ഫയലിൽ സ്വീകരിച്ച നാൾ മുതൽ പല കാലങ്ങളിലായി വിരമിച്ച നാല് പേരെ 58 വയസ്സ് വരെ സർവ്വീസിൽ തുടരാൻ അനുവദിച്ചിട്ടുണ്ട് എന്നു വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ അറിയിക്കുകയുണ്ടായി. 12.05.2017 ലെ 141-ാമത് ബോർഡ് യോഗ തീരുമാനപ്രകാരം ഇവർ സർവ്വീസിൽ തുടർന്ന 58 വയസ്സ് വരെയുള്ള കാലത്തെ ,പൂർണ്ണ ശമ്പളം, മറ്റാനുകൂല്യങ്ങൾ ( ഇ.പി.എഫ് വിഹിതം) എന്നിവയും 56 വയസ്സ് വരെയുള്ള ടെർമിനൽ ആനുകൂല്യങ്ങളും ഇവർക്ക് നൽകിയിട്ടുണ്ട് എന്നും നിലവിൽ കോടതി വിധി അനുസരിച്ച് 56 വയസ്സിനു ശേഷം സർവ്വീസിൽ തുടരുന്ന രണ്ട് പേരുണ്ട് എന്നും ടെർമിനൽ ബെനിഫിറ്റ് ലഭ്യമാക്കാത്തതിനാൽ റിട്ടയർ ചെയ്ത ഒരു ജീവനക്കാരൻ നിയമനടപടി സ്വീകരിച്ചിട്ടുണ്ട് എന്നും തുടർന്ന് വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ അറിയിക്കുകയുണ്ടായി. സ്ഥാപനത്തിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം 58 വയസ്സ് ആക്കി ഉയർത്തുമ്പോൾ നൽകേണ്ട പെൻഡിംഗ് സർവ്വീസ് ബെനിഫിറ്റ്, ടെർമിനൽ ബെനിഫിറ്റ് തുടങ്ങിയ സാമ്പത്തിക ബാധ്യത സ്ഥാപനത്തിന്റെ തനത് ഫണ്ടിൽ നിന്നും തന്നെ വഹിയ്ക്കാൻ കഴിയുന്നതാണ് എന്നും വിരമിക്കൽ പ്രായം ഉയർത്തുന്നത് മൂലമുള്ള അധികസാമ്പത്തിക ബാധ്യത 20,19,679/- രൂപയാണ് എന്നും മേൽപ്പറഞ്ഞ സാഹചര്യത്തിൽ, ബഹു. കേരള ഹൈക്കോടതിയുടെ ഇടക്കാല വിധി വന്ന 09.04.2012 മുതൽ സ്ഥാപനത്തിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം 58 വയസ്സാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിയ്ക്കണമെന്നും പരാമർശം (2) മുതൽ (8) വരെയുള്ള കത്തുകൾ പ്രകാരം വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ആവശ്യപ്പെട്ടിരിയ്ക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇ.പി.എഫ് ബാധകമാക്കിയിട്ടുള്ള സംസ്ഥാനത്തെ പ്രധാന പൊതുമേഖലാ സ്ഥാപനങ്ങളിലെല്ലാം പെൻഷൻ പ്രായം 58 ആണെന്നത് കണക്കിലെടുത്തും , സ്കീമിന്റെ പരമാവധി പ്രയോജനം ലഭിക്കാൻ 58 വരെ സർവ്വീസിൽ തുടരേണ്ടതുണ്ടെന്നതിനാലും ബഹു. കേരള ഹൈക്കോടതി 24.06.2016 ൽ WP(C) No.23611/11(B) -യിന്മേൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം, 09.04.2012 മുതൽ, 58 വയസ്സായി ഉയർത്തി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ,എറണാകുളം(കവറിങ്ങ് ലെറ്റർ സഹിതം)

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ജി & എസ്.എസ്.എ / എ & ഇ) കേരളം, തിരുവനന്തപുരം

ധനകാര്യ വകുപ്പ് ( 24.11. 2016 ലെ പി.യു.സി2/230/2016-ധന പ്രകാരം)

നിയമവകുപ്പ് ( 22.10.2020 ലെ 14523/ സ്യൂട്ട് III (2)/2020/ നിയമം പ്രകാരം)

ആസൂത്രണസാമ്പത്തികകാര്യ വകുപ്പ് ( 03.02.2021 ലെ PLGEA-BPE2/32/2021-PLGEA പ്രകാരം)

പൊതുഭരണ (എസ്.സി) വകുപ്പ് ( 17.02.2021 ലെ ഇനം 4763 പ്രകാരം)

വിവരപൊതുജനസമ്പർക്ക (ന്യൂ മീഡിയാ വിഭാഗം ) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 17-02-2021

ഫയൽ നം. 147/സി1/2016/സാനീവ. ഇനം നം: 4763

വിഷയം : സാമൂഹ്യനീതി വകുപ്പ് - കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം 58 വയസ്സായി ഉയർത്തുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

17/2/2021

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്.

4763

കേരള സർക്കാർ

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നം | : | 147/സി1/2016/സാനീവ |
| 02 | വകുപ്പ് | : | സാമൂഹ്യനീതി (സി) വകുപ്പ് |
| 03 | വിഷയം | : | സാ.നീ.വ. – കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം 58 വയസ്സായി ഉയർത്തുന്നത് സംബന്ധിച്ച് |
| 04 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കുവാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 02.01.2021 |
| 05 | (ശ)സാമ്പത്തികബാധ്യതയുള്ളതാണോ? | : | അതെ |
| | (ശശ)സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട്<br>ഉണ്ട് |
| 06 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്<br>ഉണ്ട് |
| 07 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. മുഹമ്മദ് അൻസാരി |
| 08 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ.ബിജു പ്രഭാകർ |
| 09 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 15.02.2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 16.02.2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 16.02.2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 16.02.2021 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും, തീയതിയും | : | |

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള സംസ്ഥാന വനിതാ വികസന കോർപറേഷനിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം 58 വയസ്സായി ഉയർത്തുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്

2) കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം 55ൽ നിന്നും 58 ആയി ഉയർത്തണമെന്നാവശ്യപ്പെട്ട് കോർപ്പറേഷനിലെ ആറ് ജീവനക്കാർ ബഹു. കേരള ഹൈക്കോടതിയിൽ റിട്ട്. പെറ്റീഷൻ ഫയൽ ചെയ്തിരുന്നു. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം 58 ആയി ഉയർത്തി ബഹു. കേരള ഹൈക്കോടതി 24.06.2016 ൽ WP(C) No.23611/11(B) വിധിന്യായം പുറപ്പെടുവിച്ചു.

3) ഈ വിധിയ്ക്കെതിരെ അപ്പീൽ ഫയൽ ചെയ്യുന്നത് സംബന്ധിച്ച് നിയമവകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി.

WP ( C) No. 23611/11(B) എന്ന കേസിലെ വിധിന്യായത്തിൽ കേരള സർക്കാർ വനിതാ വികസന കോർപ്പറേഷനിലെ പെൻഷൻ പ്രായം 55-ൽ നിന്നും 58-ലേയ്ക്ക് ഉയർത്തുന്നതിനെ ശരിവച്ചിരിയ്ക്കുന്നു.

ഈ വിധിന്യായത്തിന്മേൽ അപ്പീൽ ഫയൽ ചെയ്യുന്നതിനെ സംബന്ധിച്ച സാദ്ധ്യത ആരാഞ്ഞുകൊണ്ടാണ് ഈ ഫയൽ നിയമവകുപ്പിലേയ്ക്ക് അയച്ചിരിക്കുന്നത്.

ആസൂത്രണസാമ്പത്തികകാര്യ (ബി.പി.ഇ) വകുപ്പിന്റെ 22.08.14 -ലെ 15528/ബി.പി.ഇ3/13/പ്ലാനിംഗ് എന്ന അനൗദ്യോഗിക കുറിപ്പിൽ പൊതുമേഖലാ സ്ഥാപനങ്ങളിലെ ഇപ്പോഴുള്ള വിരമിക്കൽ പ്രായം തുടരണം എന്ന് കാണുന്നു.

ഈ വസ്തുത ബഹു. ഹൈക്കോടതിയുടെ ശ്രദ്ധയിൽ വരുത്തിയതായി കാണുന്നില്ല. ആകയാൽ ധനവകുപ്പുമായും കൂടിയാലോചിച്ച് വിരമിക്കൽ പ്രായത്തെപ്പറ്റി ഒരു ഏകീകൃത രൂപം വരുത്തി അധിക സാമ്പത്തിക ബാദ്ധ്യത കണക്കിലെടുത്ത് 55 വയസു തന്നെ വിരമിക്കൽ പ്രായം തുടരാനാണ് സർക്കാർ തീരുമാനമെങ്കിൽ ആയത് കാണിച്ച് ഈ കേസിൽ അഡ്വക്കേറ്റ് ജനറലുമായി കൂടിയാലോചിച്ച് അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്.

4) ഇത് സംബന്ധിച്ച് ധനകാര്യ വകുപ്പ് ചുവടെ ചേർക്കുന്ന അഭിപ്രായം രേഖപ്പെടുത്തി

സംസ്ഥാനത്തിന്റെ ഭരണ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം ഉയർത്തേണ്ടതുണ്ടോ എന്നുള്ളത് സർക്കാരിന്റെ നയപരമായ തീരുമാനമാണ്.വിദ്യാസമ്പന്നരിൽ തൊഴിലില്ലായ്മ കൂടുതലുള്ള ഒരു സംസ്ഥാനമെന്ന നിലയിൽ വിരമിക്കൽ പ്രായം ഉയർത്തുന്നത് മൂലം സമൂഹത്തിലുണ്ടായേക്കാവുന്ന പ്രത്യാഘാതം കണക്കിലെടുത്തു വിരമിക്കൽ പ്രായം ഉയർത്തേണ്ടതില്ലെന്നും എല്ലാ സ്ഥാപനങ്ങളിലും നിലവിലുള്ള സ്ഥിതി തുടരാമെന്നുമാണ് സർക്കാരിന്റെ നയം. ആയതിന്റെ അടിസ്ഥാനത്തിൽ ആസൂത്രണസാമ്പത്തികകാര്യ (ബി.പി.ഇ) വകുപ്പിന്റെ 22/08/2014 ലെ 15528/ബി.പി.ഇ/13/പ്ലാനിംഗ് എന്ന അനൗദ്യോഗിക കുറിപ്പ് മുഖേന പൊതുമേഖലാ സ്ഥാപനങ്ങളിലെ ഇപ്പോഴുള്ള വിരമിക്കൽ പ്രായം തുടരണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത നയത്തിന് ഇതുവരെ പുനർചിന്തനമൊന്നും നടത്തിയിട്ടില്ലാത്ത് സാഹചര്യത്തിൽ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം 55 നിന്നും 58 ആയി ഉയർത്തുന്നത് പരിഗണിയ്ക്കേണ്ടതില്ല. ആയതിനാൽ നിയമവകുപ്പ് അഭിപ്രായപ്പെട്ട പ്രകാരം മേൽ വിവരങ്ങൾ കൂടി ബഹു. കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തികൊണ്ട് വിധന്യായത്തിന്മേൽ അപ്പീൽ ഫയൽ ചെയ്യാനും വിരമിക്കൽ പ്രായം ഏകീകരണം സംബന്ധിച്ച ആവശ്യമെങ്കിൽ ആസൂത്രണസാമ്പത്തികകാര്യ (ബി.പി.ഇ) വകുപ്പിന്റെ അഭിപ്രായം കൂടി ആരായാനും ഭരണ വകുപ്പിനോട് ആവശ്യപ്പെടുന്നു.

5) വിരമിക്കൽ പ്രായം ഏകീകരിയ്ക്കുന്നത് സംബന്ധിച്ച് ആസൂത്രണസാമ്പത്തികകാര്യ ( ബി.പി.ഇ) വകുപ്പ് ചുവടെ ചേർക്കുന്ന അഭിപ്രായം രേഖപ്പെടുത്തി.

*"Administrative Department is informed that the Government had constituted an Expert Committee headed by Chairman – RIAB to study and recommend proposals for rationalization of pay & allowances in State PSUs. One of the terms of references of this Committee was about enhancement of retirement age in State PSUs. The Expert Committee had submitted their Report (containing recommendations on this matter also) to the Hon.*

*Finance Minister during last month. Under the circumstance AD is advised that a decision on the request from KSWDC may be taken after the Government issues orders on the recommendations of the Expert Committee regarding enhancement of retirement age of employees of PSUs. "*

6) കേരള ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ Kavirajan V. KSBC Ltd [2007(2)KLT917] കേസിലെ വിധിയിൽ കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിലെ തൊഴിലാളികളുടെ വിരമിക്കൽ പ്രായം 58 വയസ്സായി ഉയർത്താനുള്ള കമ്പനിയുടെ തീരുമാനത്തെ അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആ വിധിയിൽ കേരളത്തിലെ 90% ഗവൺമെന്റ് കമ്പനികളിലെയും വിരമിക്കൽ പ്രായം 58 ആണെന്നും സമാനമായ ചില കമ്പനികളിൽ വിരമിക്കൽ പ്രായം കുറച്ച് നിശ്ചയിച്ചിരിക്കുന്നത് ഭരണഘടനയുടെ 14-ാം അനുഛേദത്തിന്റെ ലംഘനമാണെന്നും ചൂണ്ടികാണിക്കുകയുണ്ടായി . ഇതിനെ തുടർന്ന് 2010 ൽ R.Maniyan V. State of Kerala [WP(C) No 9796/2010] എന്ന കേസിൽ വീണ്ടും ഈ വിഷയം കോടതി പരിശോധിക്കുകയുണ്ടായി. കേരള ആർട്ടിസൻസ് ഡവലപ്മെന്റ് കോർപ്പറേഷനിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായത്തെ സംബന്ധിച്ച കേസിൽ Kavirajan കേസിലെ വിധി ആവർത്തിക്കുകയുണ്ടായി. പ്രസ്തുത കേസിന്റെ വിധിന്യായത്തിലും എടുത്തുപറഞ്ഞത് ഭൂരിപക്ഷം പൊതുമേഖലാ സ്ഥാപനങ്ങളിലും ജീവനക്കാരുടെ വിരമിക്കൽ പ്രായം 58വയസ്സായിരിക്കുമ്പോൾ ഒരു സ്ഥാപനത്തിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം മാത്രം 55 വയസ്സായിരിക്കുന്നത് ഭരണഘടന ഉറപ്പുനൽകുന്ന മൗലികാവകാശങ്ങളുടെ ലംഘനമാണെന്നാണ്.

7) ഈ വിധിന്യായങ്ങളെ പിന്തുടർന്നാണ് K.K.Shajahan V. State of Kerala [WP(C) No.23611/2011] എന്ന കേസിൽ വനിതാ വികസന കോർപ്പറേഷനിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം 58 ആക്കി ഉയർത്തണമെന്ന് ഹൈക്കോടതി വിധിച്ചത്. വനിതാ വികസന കോർപ്പറേഷനിൽ നേരത്തേ തന്നെ 4 പേർ കോടതിയുടെ താത്ക്കാലിക വിധിസമ്പാദിച്ച് 58 വയസ്സുവരെ തുടർന്നതായും 56 വയസ്സ് കഴിഞ്ഞ് 2പേർ കോടതി ഉത്തരവിന്റെ

അടിസ്ഥാനത്തിൽ തുടർന്നു വരുന്നതായും ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ 135-മത് ബോർഡ് യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിരമിക്കൽ പ്രായം 58 വയസ്സായി നിജപ്പെടുത്താൻ അനുമതി നൽകണമെന്നും വനിതാ വികസന കോർപ്പറേഷൻ എം.ഡി ആവശ്യപ്പെട്ടിട്ടുണ്ട്.

8) ബഹു. കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചിന്റെ കവിരാജൻ കേസിലെ വിധി ഈ മേഖലയിലെ നിയമത്തെ വ്യക്തമാക്കുന്നുണ്ട്. അതിൻപ്രകാരം വനിതാ വികസന കോർപ്പറേഷനിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം മറ്റ് സമാന സ്ഥാപനങ്ങളിലെ ജീവനക്കാരുടേതിന് തുല്യമായിരിക്കണം. അല്ലാത്തപക്ഷം അത് ഭരണഘടന ഉറപ്പുനൽകുന്ന 'തുല്യത' ക്ക് വിരുദ്ധമായിരിക്കും.മാത്രമല്ല കവിരാജൻ കേസിൽ സുപ്രീം കോടതിയിൽ കേരള ഗവഃ ഫയൽ ചെയ്ത അപ്പീൽ പിൻവലിച്ചതായാണ് കാണുന്നത്.(അപ്പീൽ നമ്പർ.3784-3800 of 2010 കേസിൽdismissed as withdrawn എന്ന വിധിയാണുണ്ടായത്). KSBC Ltd ൽ പെൻഷൻ പ്രായം 58 ആക്കികൊണ്ടുള്ള 22/02/2011 ലെ സ.ഉ (കൈയെഴുത്ത്) നം.33/2011/നി.വ. ഉത്തരവിൽ ഇ.പി.എഫ് ബാധകമാക്കിയിട്ടുള്ള പ്രധാന പൊതുമേഖലാ സ്ഥാപനങ്ങളിലെല്ലാം പെൻഷൻ പ്രായം 58 ആണെന്നും സ്കീമിന്റെ പരമാവധി പ്രയോജനം ലഭിക്കാൻ 58 വരെ സർവ്വീസിൽ തുടരേണ്ടതുണ്ടെന്നും വ്യക്തമാക്കുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ വനിതാ വികസന കോർപ്പറേഷനിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം 58 ആക്കിയ കോടതി വിധിക്കെതിരെ അപ്പീൽ പോകേണ്ടതില്ല എന്ന് തീരുമാനിക്കാവുന്നതാണോ എന്നതിന്മേൽ ഉത്തരവിനായി സമർപ്പിച്ചപ്പോൾ നിയമ വകുപ്പിന്റെ അഭിപ്രായം സഹിതം സമർപ്പിക്കുവാൻ ബഹു മുഖ്യമന്ത്രി ഉത്തരവായിരുന്നു.

9) തുടർന്ന് നിയമവകുപ്പ് താഴെപ്പറയുന്ന അഭിപ്രായം രേഖപ്പെടുത്തി "സർവീസ് കാലാവധി സർക്കാരിന്റെ നയപരമായ വിഷയമാണ്. നയപരമായ വിഷയമായതിനാൽ ബഹു. കോടതിയ്ക്ക് വിരമിക്കൽ പ്രായം തീരുമാനിക്കാൻ കഴിയുന്നതല്ല.ദയവായി ബഹു. കേരള ഹൈക്കോടതിയുടെ Devarajan & Others Vs Union of India and Others (2001 KHC 1004) വിധിന്യായം കണ്ടാലും. സർക്കാരിന്റെ നയപരമായ വിഷയത്തിലാണ് ഈ കേസിനാധാരമായ വിധി വന്നു എന്നതിനാൽ, ഭരണവകുപ്പ് വിധിക്കെതിരെ അപ്പീൽ നൽകുകയോ നല്കാതിരിക്കുകയോ ചെയ്യാം. സർവീസ് കാലാവധി 58 വയസു വരെ

ദീർഘിപ്പിക്കാനാണ് ഉദ്ദേശ്യമെങ്കിൽ അപ്പീൽ നൽകേണ്ടതില്ല. ഭരണവകുപ്പിന് തികച്ചും അധികാരമുള്ള ഒരു വിഷയമായതിനാൽ ഉചിതമായ തീരുമാനം എടുക്കാവുന്നതാണ്"

10) സമാന സ്വഭാവമുള്ള ഏതെല്ലാം കോർപ്പറേഷനുകളിൽ പെൻഷൻ പ്രായം 58 വയസ്സാക്കിയിട്ടുണ്ടെന്ന് അറിയിക്കുവാൻ ആവശ്യപ്പെട്ടതിൽ, 86 പൊതുമേഖലാ സ്ഥാപനങ്ങളിലെ വിരമിക്കൽ പ്രായം സംബന്ധിച്ച വിവരങ്ങൾ,വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട് . ഇതിൽ വനിതാ വികസന കോർപ്പറേഷനിലെപ്പോലെ ജീവനക്കാർ എംപ്ലോയീസ് പെൻഷൻ സ്കീം 1995-ൽ അംഗങ്ങളായിട്ടുള്ള ഭൂരിഭാഗം സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ പെൻഷൻ പ്രായം 58 അല്ലെങ്കിൽ 60 വയസ്സാണ് എന്നും (62 സ്ഥാപനങ്ങളിൽ 58 വയസ്സ്, 11 സ്ഥാപനങ്ങളിൽ 60 വയസ്സ്) സർക്കാർ ജീവനക്കാരെപ്പോലെ സർവ്വീസ്/ കോൺട്രിബ്യൂട്ടറി പെൻഷൻ വാങ്ങുന്ന 6 സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ പ്രായം 56 ആണെന്നും മാനേജിംഗ് ഡയറക്ടർ അറിയിക്കുന്നു.

11) കോർപ്പറേഷനിൽ എത്ര ജീവനക്കാരുണ്ടെന്നും സമീപഭാവിയിൽ വിരമിക്കുന്നവരുണ്ടോയെന്നും അറിയിക്കുവാൻ ആവശ്യപ്പെട്ടതിൽ കോർപ്പറേഷനിലെ സ്ഥിരം ജീവനക്കാരുടെ എണ്ണവും ബഹു. ഹൈക്കോടതി ഉത്തരവ് (24/6/2016 ലെ WP (C) 23611/11 (B)) പ്രകാരമുള്ള അവരുടെ വിരമിക്കൽ തീയതിയും വനിതാ വികസന കോർപ്പറേഷൻ എം.ഡി ലഭ്യമാക്കിയത് അനുബന്ധം-I ആയി ചേർത്തിട്ടുണ്ട്. അവരിൽ ശ്രീമതി. ശ്യാമളയ്ക്ക് 30.06.2019ലും ശ്രീ.അബ്ദുൾ റഹീമിന് 14.04.2020 നും 56 വയസ്സ് തികഞ്ഞിട്ടുണ്ട് എന്ന് എം.ഡി അറിയിച്ചു.

12) വനിതാ വികസന കോർപ്പറേഷനിലെ ജീവനക്കാരിയായിരുന്ന ശ്രീമതി. ഷീല.എ 58 വയസ്സ് വരെ കോർപ്പറേഷനിൽ തുടരുന്നതിന് അനുമതി ആവശ്യപ്പെട്ട് ബഹു. ഹൈക്കോടതിൽ ഫയൽ ചെയ്ത WP (C) 8296 of 2015 കേസിൽ ബഹു. കോടതി 29.01.2020 തീയതിയായി വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്. നിരവധി പൊതുമേഖലാ സ്ഥാപനങ്ങളിലെ പെൻഷൻ പ്രായം ഉയർത്തണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജികൾ Kavirajan Vs KSBC കേസിലെ ഉത്തരവ് പരിഗണിയ്ക്കാതെ, State of Kerala and another vs. Kerala Land Development Corporation Employees Union and others 2016 (1) KHC

540 (DB) കേസിലെ ഡിവിഷൻ ബെഞ്ച് ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിരസിച്ചിട്ടുണ്ട് എന്നതിനാൽ ടി. റിട്ട് ഹർജിയും നിരസിച്ച് ബഹു. ഹൈക്കോടതി ഉത്തരവായിരിക്കുന്നു.

13) തുടർന്ന്, 24.06.2016 ലെ WP (C) 23611/11 (B) വിധിന്യായത്തിനനുസൃതമായി റിട്ടയർമെന്റ് പ്രായം വർദ്ധിപ്പിക്കേണ്ടതുണ്ടോ? അതോ 29.01.2020 ലെ WP (C) 8296/15 ലെ വിധിന്യായത്തിനനുസൃതമായി റിട്ടയർമെന്റ് പ്രായം വർദ്ധിപ്പിക്കാതിരിക്കാനൊക്കുമോ? അങ്ങനെയെങ്കിൽ WP (C) 23611/11 (B) വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യാമോ എന്നീ കാര്യങ്ങളിൽ വ്യക്തത വരുത്തുവാൻ നിയമ വകുപ്പനോട് അഭ്യർത്ഥിച്ചതിൽ നിയമവകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി.

വനിതാ വികസന കോർപ്പറേഷനിലെ ജീവനക്കാരുടെ സർവ്വീസ് കാലാവധി 58 വയസ്സ് വരെ ദീർഘിപ്പിക്കാൻ സർക്കാർ തീരുമാനിക്കുന്നില്ലായെങ്കിൽ WP ( C ) 23611/2011-മേൽ 24/06/2016-ൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിനെതിരെ അപ്പീൽ ഫയൽ ചെയ്യേണ്ടതാണ് എന്ന് 05/06/2017—ൽ ഈ വകുപ്പ് അഭിപ്രായപ്പെട്ടിരുന്നു. എന്നാൽ സർക്കാർ നാളിതുവരെ ടി സർവ്വീസ് കാലാവധി 58 വയസ്സാക്കി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയോ ഭരണ വകുപ്പ് 24/06/2016- ലെ വിധിന്യായത്തിനെതിരെ അപ്പീൽ ഫയൽ ചെയ്യുകയോ ചെയ്തിട്ടുള്ളതായി കാണുന്നില്ല. ഫയലിൽ ലഭ്യമായിട്ടുള്ള വിവരത്തിൽ നിന്നും WP © 23611/2011 - ലെ 6 ഹർജിക്കാരിൽ 3 പേർ വിരമിക്കൽ പ്രായത്തിനു ശേഷം 58 വയസ്സ് വരെ കോർപ്പറേഷനിൽ സേവനം അനുഷ്ഠിച്ചിട്ടുള്ളതായി കാണുന്നു. കൂടാതെ കോർപ്പറേഷനിലെ ജീവനക്കാരായ ശ്രീമതി. ശ്യാമള, ശ്രീ. അബ്ദുൾ റഹിം എന്നിവർ 56 വയസ്സു തികഞ്ഞതിനുശേഷം കോർപ്പറേഷനിൽ തുടരുന്നതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ശ്രീമതി. ഷീല.എ 58 വയസ്സ് വരെ സർവ്വീസിൽ തുടരുന്നതിന് അനുമതി ആവശ്യപ്പെട്ട് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP ( C) 8296/2015 എന്ന കേസ് നിരസിച്ചുകൊണ്ട് 29/01/2020 -ൽ വിധിന്യായം പുറപ്പെടുവിച്ചുവെങ്കിലും ടിയാൾ 58 വയസ്സ് വരെ സർവ്വീസിൽ തുടർന്നതായി ഭരണ വകുപ്പിന്റെ ഫയലിൽ നിന്നും മനസ്സിലാകുന്നു. സർക്കാർ വനിതാ വികസന കോർപ്പറേഷനിലെ സർവ്വീസ് കാലാവധി 58 വയസ്സാക്കി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലായെങ്കിലും ജീവനക്കാർ 58 വയസ്സ്

വരെ സർവ്വീസിൽ തുടരുന്നതായി കാണുന്നു. WP ( C) 23611/2011- ലെ 24/06/2016-ലെ വിധിന്യായത്തിനെതിരെ അപ്പീൽ/ റിവ്യൂ ഫയൽ ചെയ്യുന്നതിനുള്ള നിയമാനുസൃത കാലാവധി അവസാനിച്ചിട്ടുള്ളതാണ്. മേൽ പറഞ്ഞ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് 24/06/2016-ലെ വിധിന്യായത്തിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതു സംബന്ധിച്ച് അഡ്വ. ജനറലുമായി കൂടിയാലോചിച്ച് ഭരണ വകുപ്പിന് തുടർ നടപടി കൈക്കൊള്ളാവുന്നതാണ്.

14) WP (C) 23611/11 ലെ വിധിന്യായത്തിനെതിരെ SLP ഫയൽ ചെയ്യുന്നതിന് അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം അയച്ച് തന്നിരുന്നു എന്നും SLP ഫയൽ ചെയ്യുന്നതിനായി വിശദമായ കാര്യവിവരപത്രിക സഹിതം competent Officer - നെ നിയോഗിക്കുവാൻ നിർദ്ദേശിച്ചിരുന്നു എന്നും SLP ഫയൽ ചെയ്യുന്നതിന് സർക്കാർ സ്വീകരിച്ച നടപടി അറിയിക്കണമെന്നും അഡ്വ. ജനറൽ ആവശ്യപ്പെട്ടിട്ടുണ്ട്. SLP ഫയൽ ചെയ്യുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടില്ല.

15) ചിലർ കോടതി വിധി മൂലം 56 വയസ്സ് കഴിഞ്ഞു നിൽക്കുകയും ചിലർ റിട്ടയർ ചെയ്ത് പോയിട്ടുമുള്ള സാഹചര്യത്തിൽ എന്നു മുതൽ വിരമിക്കുന്നവർക്കാണ് ഈ ആനുകൂല്യം നൽകേണ്ടത് എന്ന കാര്യത്തിൽ വ്യക്തത വരുത്തുവാൻ വനിതാ വികസന കോർപ്പറേഷൻ എം.ഡിയോട് ആവശ്യപ്പെട്ടിരുന്നു. സ്ഥാപനത്തിലെ ആറ് ജീവനക്കാർ വിരമിക്കൽ പ്രായം 58 ആയി ഉയർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 2011 ൽ സമർപ്പിച്ച WP (C ) 23611 of 2011 (B) കേസിലാണ് സ്ഥാപനത്തിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം 58 ആയി ഉയർത്തി 24.06.2016ൽ കോടതി വിധി ഉണ്ടായത് എന്നും 09.04.2012 ൽ ഉണ്ടായ ഇടക്കാല വിധിയെ തുടർന്ന് കേസ് ഹൈക്കോടതി ഫയലിൽ സ്വീകരിച്ച നാൾ മുതൽ പലകാലങ്ങളിലായി വിരമിച്ച നാല് പേരെ 58 വയസ്സ് വരെ സർവ്വീസിൽ തുടരാൻ അനുവദിച്ചിട്ടുണ്ട് ( ലിസ്റ്റ് അനുബന്ധം 2 ആയി ചേർക്കുന്നു) എന്നും 29.04.2016 ലെ 133-മത് ബോർഡ് തീരുമാനമനുസരിച്ച് ഇവർക്ക് 50% ശമ്പളമാണ് നൽകി വന്നത് എന്നും 12.05.2017 ലെ 141-ാമത് ബോർഡ് യോഗ തീരുമാനപ്രകാരം ഇവർ സർവ്വീസിൽ തുടർന്ന 58 വയസ്സ് വരെയുള്ള പൂർണ്ണ ശമ്പളം, മറ്റാനുകൂല്യങ്ങൾ ( ഇ.പി.എഫ് വിഹിതം) എന്നിവയും 56 വയസ്സ് വരെയുള്ള ടെർമിനൽ

ആനുകൂല്യങ്ങളും ഇവർക്ക് നൽകിയിട്ടുണ്ട് എന്ന് എം.ഡി അറിയിക്കുന്നു. നിലവിൽ കോടതി വിധി അനുസരിച്ച് സർവ്വീസിൽ തുടരുന്ന രണ്ട് പേരുണ്ട് . സ്ഥാപനത്തിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം 58 വയസ്സ് ആക്കി ഉയർത്തുമ്പോൾ പെൻഡിംഗ് സർവ്വീസ് ബെനിഫിറ്റ്, ടെർമിനൽ ബെനിഫിറ്റ് തുടങ്ങിയ സാമ്പത്തിക ബാധ്യത സ്ഥാപനത്തിന്റെ തനത് ഫണ്ടിൽ നിന്നും തന്നെ വഹിയ്ക്കാൻ കഴിയുന്നതാണ് എന്നും വിരമിക്കൽ പ്രായം ഉയർത്തുന്നത് മൂലമുള്ള അധികസാമ്പത്തിക ബാധ്യത 20,19,679/- രൂപയാണ് എന്നും എം.ഡി അറിയിക്കുന്നു. മേൽപ്പറഞ്ഞ സാഹചര്യത്തിൽ, ബഹു. കേരള ഹൈക്കോടതിയുടെ ഇടക്കാല വിധി വന്ന 09.04.2012 മുതൽ സ്ഥാപനത്തിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം 58 വയസ്സാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിയ്ക്കണമെന്ന് എം.ഡി ആവശ്യപ്പെട്ടിരിയ്ക്കുന്നു. ടെർമിനൽ ബെനിഫിറ്റ് ലഭ്യമാകാത്തതിനാൽ റിട്ടയർ ചെയ്ത ഒരു ജീവനക്കാരൻ നിയമനടപടി സ്വീകരിച്ചിട്ടുണ്ട് എന്നും റിട്ടയർ ചെയ്ത ജീവനക്കാർക്ക് ടെർമിനൽ ബെനിഫിറ്റ് നൽകുന്നതിനായി വിരമിക്കൽ പ്രായം 58 ആയി ഉയർത്തി ഉത്തരവ് പുറപ്പെടുവിയ്ക്കണമെന്നും വനിതാ വികസന കോർപ്പറേഷൻ എം.ഡി അറിയിച്ചിട്ടുണ്ട്.

16) വനിതാ വികസന കോർപ്പറേഷനിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം 58 വയസ്സ് ആയി ദീർഘിപ്പിയ്ക്കുന്ന വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിയ്ക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## <u>തീരുമാനിയ്ക്കേണ്ട വിഷയം</u>

1) ഇ.പി.എഫ് ബാധകമാക്കിയിട്ടുള്ള പ്രധാന പൊതുമേഖലാ സ്ഥാപനങ്ങളിലെല്ലാം പെൻഷൻ പ്രായം 58 ആണെന്നത് കണക്കിലെടുത്തും , സ്കീമിന്റെ പരമാവധി പ്രയോജനം ലഭിക്കാൻ 58 വരെ സർവ്വീസിൽ തുടരേണ്ടതുണ്ടെന്നതിനാലും നിയമ, ധനകാര്യ, ആസൂത്രണസാമ്പത്തികകാര്യ വകുപ്പുകളുടെയും അഡ്വക്കേറ്റ് ജനറലിന്റെയും അഭിപ്രായം മറികടന്ന്, ബഹു. കേരള ഹൈക്കോടതി 24.06.2016 ൽ WP(C) No.23611/11(B) യിന്മേൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, കേരള

സംസ്ഥാന വനിതാ വികസന കോർപ്പറേഷനിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം 58 ആയി ഉയർത്താവുന്നതാണോ?

2) വിരമിക്കൽ പ്രായം ഉയർത്തിയതിന്റെ ആനുകൂല്യം ലഭിക്കുന്നതിനുള്ള തീയതി ബഹു. കേരള ഹൈക്കോടതിയുടെ ഇടക്കാല വിധി വന്ന 09.04.2012 ആയി നിശ്ചയിക്കാവുന്നതാണോ?

[illegible] I



അനുബന്ധം - [illegible]

## Retirement Age of Permanent Employees of Kerala State Women's Development Corporation

| Sl No | Name | Designation | Retirement ~~Age~~ Date (as per the Order of Hon.High Court of Kerala) |
|---|---|---|---|
| 1 | Mahesh L S | Manger Recovery | 31.05.2034 |
| 2 | Faisal Muneer | Regional Manager | 28.05.2032 |
| 3 | *Abdul Rahim | Manager | 30.04.2022 |
| 4 | Rangan M R | Head Clerk | 03.05.2033 |
| 5 | Jaya Prasannan | Computer Assistant | 31.08.2034 |
| 6 | Noufal K | Computer Assistant | 31.03.2043 |
| 7 | Hirash V | Accountant | 30.04.2043 |
| 8 | Lakshmy S | Lower Division Clerk | 28.02.2028 |
| 9 | Surjith V | Record Keeper | 24.03.2033 |
| 10 | Siju S | Driver | 25.05.2035 |
| 11 | Chandrika T | Peon | 31.05.2025 |
| 12 | *Syamala K | Peon | 30.06.2021 |
| 13 | Beena P M | Attender | ~~18-04-2030~~ |
| 14 | Ranjith P | Attender | 21.05.2043 |

* Note - സമീപ ഭാവിയിൽ വിരമിക്കുന്നവർ

Annexure II

**Details of Retired Employees**

| Sl No | Name | Retirement Date at the age of 56 | Actual Retirement Age as per the Court Order | Remarks |
|---|---|---|---|---|
| 1 | K K Shajahan | 30.11.2012 | 30.11.2014 | Released terminal benefits till the age of 56 |
| 2 | Sheela A | 30.04.2015 | 29.04.2017 | Released terminal benefits till the age of 56 |
| 3 | Pressannakumari K | 31.05.2015 | 31.05.2017 | Released terminal benefits till the age of 56 |
| 4 | Shyla T | 30.11.2014 | 30.11.2016 | Released terminal benefits till the age of 56 |

**GOVERNMENT OF KERALA**
**(SHRI.PINARAYI VIJAYAN MINISTRY)**
**NOTE FOR THE COUNCIL OF MINISTERS**

| | | | |
|---|---|---|---|
| 01 | File No. | : | 147/C1/2016/SJD |
| 02 | Department | : | Social Justice (C) Department |
| 03 | Subject | : | SJD – Enhancement of retirement age of the employees of Kerala State Women's Development Corporation to 58 years -reg |
| 04 | Date of Chief Minister's order for placing before the Council | : | 02.01.2021 |
| 05 | (i) Does the case involve financial commitments/implications | : | Yes |
| | (ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note | : | Yes<br>Yes |
| 06 | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council ? | : | Yes<br>Yes |
| 07 | Name of Additional Secretary who submitted the Draft Note | : | Sri. Muhammed Anzari |
| 08 | Name of Secretary who approved the Draft Note | : | Sri.Biju Prabhakar |
| 09 | Date of approval of the Draft Note for the Council by the Secretary | : | 15.02.2021 |
| 10 | Name of Chief Secretary who approved the Draft Note | : | Dr.Vishwas Mehta |
| 11 | Date of approval of the Draft Note for the Council by the Chief Secretary | : | 16.02.2021 |
| 12 | Name of Minister who approved the Draft Note | : | Smt.K.K.Shailaja Teacher |
| 13 | Date of approval of the Draft Note for the Council by the Minister | : | 16.02.2021 |
| 14 | Date of submission of fair copies | : | 16.02.2021 |
| 15 | Date of decision by the Council of Ministers | : | |
| 16 | Number and date of the G.O./ letter communicating the decision | : | |

## NOTE FOR THE COUNCIL OF MINISTERS

This note relates to enhancement of retirement age of employees in the Kerala State Women's Development Corporation (KSWDC) to 58 years.

2) Six employees of the Kerala State Women's Development Corporation has filed Writ Petition before the Hon'ble High Court of Kerala requesting to enhance the retirement age of the employees in Kerala State Women's Development Corporation from 55 to 58. Hon'ble High Court in WP (C ) No. 23611/11(B) issued judgment on 24.06.2016, raising the age of superannuation of employees of KSWDC to 58.

3) Law Department remarked on the filing of an appeal against this judgment as follows.

WP ( C) No. 23611/11(B) എന്ന കേസിലെ വിധിന്യായത്തിൽ കേരള സർക്കാർ വനിതാ വികസന കോർപ്പറേഷനിലെ പെൻഷൻ പ്രായം 55-ൽ നിന്നും 58-ലേയ്ക്ക് ഉയർത്തുന്നതിനെ ശരിവച്ചിരിയ്ക്കുന്നു.

ഈ വിധിന്യായത്തിന്മേൽ അപ്പീൽ ഫയൽ ചെയ്യുന്നതിനെ സംബന്ധിച്ച സാദ്ധ്യത ആരാഞ്ഞുകൊണ്ടാണ് ഈ ഫയൽ നിയമവകുപ്പിലേയ്ക്ക് അയച്ചിരിക്കുന്നത്.

ആസൂത്രണസാമ്പത്തികകാര്യ (ബി.പി.ഇ) വകുപ്പിന്റെ 22.08.14 -ലെ 15528/ബി.പി.ഇ3/13/പ്ലാനിംഗ് എന്ന അനൗദ്യോഗിക കുറിപ്പിൽ പൊതുമേഖലാ സ്ഥാപനങ്ങളിലെ ഇപ്പോഴുള്ള വിരമിക്കൽ പ്രായം തുടരണം എന്ന് കാണുന്നു.

ഈ വസ്തുത ബഹു. ഹൈക്കോടതിയുടെ ശ്രദ്ധയിൽ വരുത്തിയതായി കാണുന്നില്ല. ആകയാൽ ധനവകുപ്പുമായും കൂടിയാലോചിച്ച് വിരമിക്കൽ പ്രായത്തെപ്പറ്റി ഒരു ഏകീകൃത രൂപം വരുത്തി അധിക സാമ്പത്തിക ബാദ്ധ്യത കണക്കിലെടുത്ത് 55 വയസു തന്നെ വിരമിക്കൽ പ്രായം തുടരാനാണ് സർക്കാർ തീരുമാനമെങ്കിൽ ആയത് കാണിച്ച് ഈ കേസിൽ അഡ്വക്കേറ്റ് ജനറലുമായി കൂടിയാലോചിച്ച് അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്.

4) Finance Department remarked as follows:

സംസ്ഥാനത്തിന്റെ ഭരണ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം ഉയർത്തേണ്ടതുണ്ടോ എന്നുള്ളത് സർക്കാരിന്റെ നയപരമായ തീരുമാനമാണ്.വിദ്യാസമ്പന്നരിൽ തൊഴിലില്ലായ്മ കൂടുതലുള്ള ഒരു സംസ്ഥാനമെന്ന നിലയിൽ വിരമിക്കൽ പ്രായം ഉയർത്തുന്നത് മൂലം സമൂഹത്തിലുണ്ടായേക്കാവുന്ന പ്രത്യാഘാതം കണക്കിലെടുത്തു വിരമിക്കൽ പ്രായം ഉയർത്തേണ്ടതില്ലെന്നും എല്ലാ സ്ഥാപനങ്ങളിലും നിലവിലുള്ള സ്ഥിതി തുടരാമെന്നുമാണ് സർക്കാരിന്റെ നയം. ആയതിന്റെ അടിസ്ഥാനത്തിൽ ആസൂത്രണസാമ്പത്തികകാര്യ (ബി.പി.ഇ) വകുപ്പിന്റെ 22/08/2014 ലെ 15528/ബി.പി.ഇ/13/പ്ലാനിംഗ് എന്ന അനൗദ്യോഗിക കുറിപ്പ് മുഖേന പൊതുമേഖലാ സ്ഥാപനങ്ങളിലെ ഇപ്പോഴുള്ള വിരമിക്കൽ പ്രായം തുടരണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത നയത്തിന് ഇതുവരെ പുനർചിന്തനമൊന്നും നടത്തിയിട്ടില്ലാത്ത് സാഹചര്യത്തിൽ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം 55 നിന്നും 58

ആയി ഉയർത്തുന്നത് പരിഗണിയ്ക്കേണ്ടതില്ല. ആയതിനാൽ നിയമവകുപ്പ് അഭിപ്രായപ്പെട്ട പ്രകാരം മേൽ വിവരങ്ങൾ കൂടി ബഹു. കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തികൊണ്ട് വിധന്യായത്തിന്മേൽ അപ്പീൽ ഫയൽ ചെയ്യാനും വിരമിക്കൽ പ്രായം ഏകീകരണം സംബന്ധിച്ച് ആവശ്യമെങ്കിൽ ആസൂത്രണസാമ്പത്തികകാര്യ (ബി.പി.ഇ) വകുപ്പിന്റെ അഭിപ്രായം കൂടി ആരായാനും ഭരണ വകുപ്പിനോട് ആവശ്യപ്പെടുന്നു.

5) Regarding unification of retirement age , **Planning & Economoic Affaiirs (BPE) Department** remarked as follows:

***"Administrative Department is informed that the Government had constituted an Expert Committee headed by Chairman - RIAB to study and recommend proposals for rationalization of pay & allowances in State PSUs. One of the terms of references of this Committee was about enhancement of retirement age in State PSUs. The Expert Committee had submitted their Report (containing recommendations on this matter also) to the Hon. Finance Minister during last month. Under the circumstance AD is advised that a decision on the request from KSWDC may be taken after the Government issues orders on the recommendations of the Expert Committee regarding enhancement of retirement age of employees of PSUs. "***

6) In the judgment of the Division Bench of the Hon'ble High Court of Kerala in Kavirajan V. KSBC Ltd [2007(2)KLT917], the order was issued approving the decision of the Kerala State Beverages Corporation to raise the retirement age of its employees to 58 years. The judgment pointed out that 90% of Government Companies in Kerala have the retirement age of 58 and that lowering the retirement age in some similar companies is the violation of Article (14) of the Constitution. Folloing this, in 2010 in the case R.Maniyan V. State of Kerala [WP (C) No 9796/2010] , the court re-examined the matter. The verdict in the Kavirajan case was reiterated in the case regarding the retirement age of employees of the Kerala Artisans Development Corporation.In the judgment of this case, it was pointed out that while in most of the Public Sector Undertakings, the retirement age of employees is 58 years, the retirement age of employees in an institution is 55 years, which is a violation of the fundamental rights guaranteed by the Constitution.

7) Following these judgments, in the case of K.K.Shajahan V. State of Kerala [WP (C) No.23611 / 2011], the Hon'ble High Court ruled that the retirement age for employees of the Women Development Corporation to be raised to 58 years. The MD, KSWDC has informed that based on the interim order of the Court, employees continued in the

Corporation till the age of 58 years and 3 employees were continuing in the Corporation after the age of 56 based on this judgement. Based on the Hon'ble High Court Order and the decision of the 135th Board of Directors, the MD, KSWDC has requested for sanction to fix the retirement age as 58 years.

8) The judgment of the Division Bench of the Kerala High Court in the Kavirajan case clarifies the law in this area. Accordingly, the retirement age of the employees of the Women's Development Corporation should be the same as that of the employees of other similar institutions. Otherwise, it would be contrary to the 'equality' guaranteed by the Constitution. Moreover, it is seen that the appeal filed by the Government of Kerala in the Supreme Court in the Kavirajan case has been withdrawn (Appeal No.3784-3800 of 2010 was dismissed as withdrawn.). In the Government Order ( G.O.(Ms) No. 33/2011/Taxes dated 22.02.2011) raising the retirement age of employees of KSBC Ltd ,it is stated that the pension age is 58 in all the major PSUs that implemented the EPF and for getting the maximum benefit of the scheme they have to be in service till the age 58. In this context, file was circulated for orders on whether it could decide not to file appeal againt the judgement raising the retirement age of the employees of the KSWDC, Hon'ble Chief Minister has ordered to submit the file with remarks of Law Department.

9) Subsequently, **Law Department** offered the following remarks:

"സർവീസ് കാലാവധി സർക്കാരിന്റെ നയപരമായ വിഷയമാണ്. നയപരമായ വിഷയമായതിനാൽ ബഹു. കോടതിയ്ക്ക് വിരമിക്കൽ പ്രായം തീരുമാനിക്കാൻ കഴിയുന്നതല്ല. ദയവായി ബഹു. കേരള ഹൈക്കോടതിയുടെ Devarajan & Others Vs Union of India and Others (2001 KHC 1004) വിധിന്യായം കണ്ടാലും.
സർക്കാരിന്റെ നയപരമായ വിഷയത്തിലാണ് ഈ കേസിനാധാരമായ വിധി വന്നു എന്നതിനാൽ, ഭരണവകുപ്പ് വിധിക്കെതിരെ അപ്പീൽ നൽകുകയോ നല്കാതിരിക്കുകയോ ചെയ്യാം. സർവീസ് കാലാവധി 58 വയസ്സു വരെ ദീർഘിപ്പിക്കാനാണ് ഉദ്ദേശ്യമെങ്കിൽ അപ്പീൽ നൽകേണ്ടതില്ല. ഭരണവകുപ്പിന് തികച്ചും അധികാരമുള്ള ഒരു വിഷയമായതിനാൽ ഉചിതമായ തീരുമാനം എടുക്കാവുന്നതാണ്"

**10)** When directed to inform which of the similar corporations have their retirement age at 58 years, the MD, KSWDC has furnished details about retirement age of 86 PSUs. The MD, KSWDC has also informed that, of these, in most of the institutions where employees opted for Employees Pension Scheme 1995 like KSWDC, retirement age is 58 or 60 ( 58 Years in 62 institutions and 60 years in 11 institutions) and in 6 institutions having service / contributory pension like government employees pension age is 56.

**11)** When requested to furnish the details of total number of employees of the

Corporation and wether there are any retirees in the near future, Details of total number of permanent employees and their retirement date based on the Court Order ( WP (C) 23611/11(B) dated 24.06.2016) furnished by the MD, KSWDC is attached (Annexure-I) . The MD has informed that among them Smt. Shyamala has attained 56 years on 30.06.2019 and Sri. Abdul Rahim attained 56 years on 14.04.2020.

**12)** Hon'ble High Court in WP (C) No. 8296 of 2015 issued a judgment on 29.01.2020, denying the request of Smt. Sheela.A, an employee of KSWDC, for retaining in the service till the age of 56. Petitions seeking to raise the pension age in several Public Sector Undertakings have been rejected without considering the verdict in Kavirajan Vs KSBC case and by considering the Division Bench judgment in State of Kerala and another vs. Kerala Land Development Corporation Employees Union and others 2016 (1) KHC 540 (DB) and hence this writ petition was also rejected by Hon'ble High Court.

**13)** Subsequently, when **Law Dept** has been requested to clarify on the points whether retirement age has to be increased as per the judgement in WP (C) 23611/11 (B) dated 24/06/2016? Or is it possible not to raise the retirement age as per the judgement in WP ( C) 8296/15 dated 29.01.2020? If so, can we file appeal against judgment in WP (C) 23611/11 (B), that Department offered the following remarks ;

വനിതാ വികസന കോർപ്പറേഷനിലെ ജീവനക്കാരുടെ സർവ്വീസ് കാലാവധി 58 വയസ്സ് വരെ ദീർഘിപ്പിക്കാൻ സർക്കാർ തീരുമാനിക്കുന്നില്ലായെങ്കിൽ WP ( C ) 23611/2011-മേൽ 24/06/2016-ൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിനെതിരെ അപ്പീൽ ഫയൽ ചെയ്യേണ്ടതാണ് എന്ന് 05/06/2017—ൽ ഈ വകുപ്പ് അഭിപ്രായപ്പെട്ടിരുന്നു. എന്നാൽ സർക്കാർ നാളിതുവരെ ടി സർവ്വീസ് കാലാവധി 58 വയസ്സാക്കി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയോ ഭരണ വകുപ്പ് 24/06/2016- ലെ വിധിന്യായത്തിനെതിരെ അപ്പീൽ ഫയൽ ചെയ്യുകയോ ചെയ്തിട്ടുള്ളതായി കാണുന്നില്ല. ഫയലിൽ ലഭ്യമായിട്ടുള്ള വിവരത്തിൽ നിന്നും WP © 23611/2011 - ലെ 6 ഹർജിക്കാരിൽ 3 പേർ വിരമിക്കൽ പ്രായത്തിനു ശേഷം 58 വയസ്സ് വരെ കോർപ്പറേഷനിൽ സേവനം അനുഷ്ഠിച്ചിട്ടുള്ളതായി കാണുന്നു. കൂടാതെ കോർപ്പറേഷനിലെ ജീവനക്കാരായ ശ്രീമതി. ശ്യാമള, ശ്രീ. അബ്ദുൾ റഹിം എന്നിവർ 56 വയസ്സു തികഞ്ഞതിനുശേഷം കോർപ്പറേഷനിൽ തുടരുന്നതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ശ്രീമതി. ഷീല.എ 58 വയസ്സ് വരെ സർവ്വീസിൽ തുടരുന്നതിന് അനുമതി ആവശ്യപ്പെട്ട് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP ( C) 8296/2015 എന്ന കേസ് നിരസിച്ചുകൊണ്ട് 29/01/2020 -ൽ വിധിന്യായം പുറപ്പെടുവിച്ചുവെങ്കിലും ടിയാൾ 58 വയസ്സ് വരെ സർവ്വീസിൽ തുടർന്നതായി ഭരണ വകുപ്പിന്റെ ഫയലിൽ നിന്നും മനസ്സിലാകുന്നു. സർക്കാർ വനിതാ വികസന കോർപ്പറേഷനിലെ സർവ്വീസ് കാലാവധി 58 വയസ്സാക്കി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലായെങ്കിലും

ജീവനക്കാർ 58 വയസ്സ് വരെ സർവ്വീസിൽ തുടരുന്നതായി കാണുന്നു. WP ( C) 23611/2011- ലെ 24/06/2016-ലെ വിധിന്യായത്തിനെതിരെ അപ്പീൽ/ റിവ്യൂ ഫയൽ ചെയ്യുന്നതിനുള്ള നിയമാനുസൃത കാലാവധി അവസാനിച്ചിട്ടുള്ളതാണ്. മേൽ പറഞ്ഞ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് 24/06/2016-ലെ വിധിന്യായത്തിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതു സംബന്ധിച്ച് അഡ്വ. ജനറലുമായി കൂടിയാലോചിച്ച് ഭരണ വകുപ്പിന് തുടർ നടപടി കൈക്കൊള്ളാവുന്നതാണ്.

14) Advocate General has informed that legal opinion regarding filing of SLP against judgment in WP (C) 23611/11 before the Hon'ble Supreme Court has been already given and directed to depute a competent officer with detailed documents. Advocate General has also requested to inform the steps taken by Government to file SLP . Government have not taken steps to file SLP.

15) Since some employees are still working in the Corporation after the age of 56 and some employees retired from service, MD, KSWDC has been requested to clarify the with effect date of enhancement of retirement age. MD has informed that considering the petition filed by 6 employees of the Corporation in 2011, requesting to enhance the retirement age to 58 years, the Hon'ble Court on 24.06.2016 proclaimed judgement in WPC 23611 of 2011 B raising the retirement age to 58 years. MD has also informed that based on the interim order dated 09.04.2012, 4 employees who were retired on different times after the Writ Petiton was filed before the court were allowed to continue in service till the age of 58 ( List of employees atteched as Annexure 2). MD has informed that they were paid 50% of their salary as per the decision of the 133rd Board dated 29.04.2016 and as per the decision of the 141st Board Meeting dated 12.05.2017 they have been given full salary upto 58 years of service and other benefits (EPF contribution) and terminal benefits up to the age of 56 years. At present two persons are continuing in service as per the court order. MD has informed that on raising the retirement age of the employees of the Corporation, financial obligations such as pending service benefit, terminal benefit, can be borne from the own fund of the Corporation and Rs. 20,19,679/- will be the additional financial commitment required . In this circumastance, MD has requested to enhance the retirement age of the employees of the Corporation to 58 years with effect from the date of interim order of the Hon'ble

High Court i.e, 09.04.2012.The MD , KSWDC has also informed that a retired employee had gone for litigation as terminal benefit is not provided and hence has requested to raise retirement age to 58 years for providing terminal benefits to the retired employees .

**16)** Hon'ble Chief Minister has ordered to place the matter of enhancing retirement age of employees of KSWDC to 58 years, before the Council of Ministers for consideration.

## POINTS FOR DECISION

1) Whether the retirement age of the employees of Kerala State Women's Development Corporation may be raised to 58 years as per the judgement of Hon'ble High Court in WP(C) No.23611/11(B) dated 24.06.2016, considering that the retirement age of major Public Sector Undertaking which adopted EPF is 58 years and for getting the maximum benefit of the scheme employees have to be in service till the age of 58 years, by overruling the remarks of Law Department, Finance Department , Planning & Economic Affairs Department and Advocate General?

2)Whether the date of effect of the benefit may be fixed as the date of interim order of the Hon'ble High Court i.e, 09.04.2012 ?

അനുബന്ധം - 1

## Retirement Age of Permanent Employees of Kerala State Women's Development Corporation

| Sl No | Name | Designation | Retirement ~~Age~~ Date (as per the Order of Hon.High Court of Kerala) |
|---|---|---|---|
| 1 | Mahesh L S | Manger Recovery | 31.05.2034 |
| 2 | Faisal Muneer | Regional Manager | 28.05.2032 |
| 3 | *Abdul Rahim | Manager | 30.04.2022 |
| 4 | Rangan M R | Head Clerk | 03.05.2033 |
| 5 | Jaya Prasannan | Computer Assistant | 31.08.2034 |
| 6 | Noufal K | Computer Assistant | 31.03.2043 |
| 7 | Hirash V | Accountant | 30.04.2043 |
| 8 | Lakshmy S | Lower Division Clerk | 28.02.2028 |
| 9 | Surjith V | Record Keeper | 24.03.2033 |
| 10 | Siju S | Driver | 25.05.2035 |
| 11 | Chandrika T | Peon | 31.05.2025 |
| 12 | *Syamala K | Peon | 30.06.2021 |
| 13 | Beena P M | Attender | ~~18.04.2030~~ |
| 14 | Ranjith P | Attender | 21.05.2043 |

* Note - സമീപ ഭാവിയിൽ വിരമിക്കുന്നവർ

Annexure II

## Details of Retired Employees

| Sl No | Name | Retirement Date at the age of 56 | Actual Retirement Age as per the Court Order | Remarks |
|---|---|---|---|---|
| 1 | K K Shajahan | 30.11.2012 | 30.11.2014 | Released terminal benefits till the age of 56 |
| 2 | Sheela A | 30.04.2015 | 29.04.2017 | Released terminal benefits till the age of 56 |
| 3 | Pressannakumari K | 31.05.2015 | 31.05.2017 | Released terminal benefits till the age of 56 |
| 4 | Shyla T | 30.11.2014 | 30.11.2016 | Released terminal benefits till the age of 56 |